ഫ്ളക്സ് നിരോധനം

310 (2185) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ലക്സ് നിരോധനവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവു പുറത്തിറക്കിയിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ടു എന്തെങ്കിലും ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഫ്ളക്സ് ബോർഡുകൾക്ക് അതിലേർപ്പെട്ടിരിക്കുന്ന സംരംഭകരുടെയും തൊഴിലാളികളുടെയും താൽപര്യം കണക്കിലെടുത്ത് ഉടനടി പൂർണ്ണ നിരോധനം ഏർപ്പെടുത്താതെ, 6-11-2014-ൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 195/2014/ തസ്വഭവ പ്രകാരം ഘട്ടം ഘട്ടമായി നിയന്ത്രണം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

വിജ്ഞാപനം ചെയ്ത പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങൾ

311 (2186) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ടത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഏതെല്ലാം പ്രദേശങ്ങളാണ് പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളായി വിജ്ഞാപനം ചെയ്തിട്ടുള്ളത് ;

(ബി) ഇങ്ങനെ വിജ്ഞാപനം ചെയ്തിട്ടുള്ള ആകെ ഭൂമിയുടെ വിസ്തൃതി എത്രയാണ് ;

(സി) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച റിപ്പോർട്ടിൽ ഏതെല്ലാം പ്രദേശങ്ങളാണ് പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നുള്ള ജില്ല തിരിച്ചും വില്ലേജ് തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) 2014 മാർച്ച് 10-ലെ കേന്ദ്രസർക്കാരിന്റെ കരട് വിജ്ഞാപന പ്രകാരം പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളായി ഉൾപ്പടുത്തിയിട്ടുള്ള പ്രദേശങ്ങളുടെ വിവരം സംസ്ഥാനം, ജില്ല, വില്ലേജ് ഇവ തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.* കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം 59940 ചതുരശ്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കിലോ മീറ്ററാണ് പരിസ്ഥിതിലോല പ്രദേശങ്ങളായി കണക്കാക്കിയിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ച കരട് വിജ്ഞാപന പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിസ്തൃതി 56825 ചതുരശ്ര കിലോ മീറ്ററായി കുറവുചെയ്തിട്ടുണ്ട്. കേരളത്തിന്റെ അഭ്യർത്ഥന പരിഗണിച്ചാണ് വിസ്തൃതിയിൽ കുറവു വരുത്തിയത്. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ സംസ്ഥാനത്ത് പരിസ്ഥിതിലോല പ്രദേശമായി കണക്കാക്കിയിരുന്നത് 13108 ചതുരശ്ര കിലോമീറ്ററായിരുന്നു. കരട് വിജ്ഞാപനത്തിൽ ഇത് 9993.7 ചതുരശ്ര കിലോ മീറ്ററായി ചുരുക്കി. (ഇതിൽ 886.7 ചതുരശ്ര കി.മീ. മാത്രമാണ് വനേതര പ്രദേശം). കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ ജില്ല-വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

പരിസ്ഥിതി ദുർബ്ബലപ്രദേശ നിയമം

312 (2187) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി ദുർബ്ബല പ്രദേശ നിയമ പ്രകാരം സംസ്ഥാനത്ത് ആകെ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട് ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(സി) പരിസ്ഥിതി ദുർബ്ബലപ്രദേശ നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയിൽ രണ്ടു ഹെക്ടർ വരെയുള്ള ഭൂമി ഭൂവുടമകൾക്ക് തിരിച്ചു നൽകുവാനുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിക്കുന്നത് ;

(ഡി) ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ഇതിന്റെ ഗുണഭോക്താക്കൾ എത്രപേരാണ് ;

(എഫ്) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പരിസ്ഥിതി ദുർബ്ബലപ്രദേശ നിയമപ്രകാരം സംസ്ഥാനത്ത് 14591 ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) പരിസ്ഥിതി ദുർബ്ബലപ്രദേശമായി ഏറ്റെടുത്ത ഭൂമിയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly